## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1014 | 10.02.2016 ലെ മറുപടിയ്ക്ക്

## ഓണാഘോഷ പരിപാടികളുടെ വരവ് ചെലവ് കണക്കുകൾ

| ചോദ്യം<br>ശ്രീ. **കെ.കെ.ജയചന്ദ്രൻ** | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | 2011 മുതൽ 2015 വരെ ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഓണാഘോഷ പരിപാടികളുടെ വരവ് ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ ഓഡിറ്റിങ് നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ എന്തായിരുന്നെന്ന് അറിയിക്കാമോ; | എ) | ഓണാഘോഷവുമായി ബന്ധപ്പെട്ട രേഖകൾ സാധാരണയായി സംസ്ഥാന ഓഡിറ്റ് വകുപ്പാണ് ഓഡിറ്റ് ചെയ്തു വരുന്നത്. എന്നാൽ 01.08.2011 മുതൽ 30.09.2013 വരെ ടൂറിസം വകുപ്പിന്റെ ഓഡിറ്റി ന്റെ ഭാഗമായി എ.ജി 2011-2012 വർഷത്തെ ഓണാഘോഷ രേഖകൾ ഓഡിറ്റ് ചെയ്തിരുന്നു. ആയതിന്റെ ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെട്ട റിപ്പോർട്ടിലെ 9,10,11 പേജ് നമ്പരായി വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിയ്ക്കുന്നു. ബന്ധപ്പെട്ട ഭാഗങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| ബി) | എ. ജി. ആവശ്യപ്പെട്ടിട്ടും ഓണാഘോഷത്തിന്റെ ഫയൽ ഉദ്യോഗസ്ഥർ നൽകിയില്ലാ എന്ന് ചൂണ്ടിക്കാണിച്ച് എ.ജി. പരാമർശം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കാലയളവിൽ; | ബി) | എ.ജി ആവശ്യപ്പെട്ട 2012, 2013 എന്നീ വർഷങ്ങളിലെ ഓണാഘോഷ ഫയലും 2011 ലെ ചില രേഖകളും ലഭിച്ചിട്ടില്ലായെന്ന് എ.ജി അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ എ.ജി ടൂറിസം വകുപ്പിൽ വച്ചു തന്നെ റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ മേൽപ്പടി രേഖകളുമായി സീനിയർ ഓഡിറ്ററെ സമീപിച്ച അവസരത്തിൽ, ആയത് റിപ്പോർട്ടായി ടൂറിസം വകുപ്പിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് എ.ജിയ്ക്ക് ലഭ്യമാക്കിയാൽ മതിയെന്ന് അറിയിച്ചു. ഇതിന്റെ വെളിച്ചത്തിൽ ടൂറിസം വകുപ്പിൽ എ.ജിയ്ക്ക് ആവശ്യമായ എല്ലാ രേഖകളും ഉടനടി തയ്യാറുള്ളതായി ടൂറിസം വകുപ്പിൽനിന്നും എ.ജിയ്ക്ക് മറുപടി സമർപ്പിച്ചിട്ടുള്ളതുമാണ്. |

<table>
<tr>
<td>സി)</td>
<td>2011 മുതൽ 2015 വരെയുള്ള ഓണാഘോഷത്തോടനുബന്ധിച്ച് പ്രധാന വേദിയായ കനകക്കുന്ന് കൊട്ടാരത്തിന്റെ സൂപ്രണ്ടിന് ഓരോ വർഷവും എത്ര രൂപ വീതം അഡ്വാൻസ് തുക നൽകിയിരുന്നു ; ഈ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;</td>
<td>സി)</td>
<td>2008 മുതൽ 2012 വരെ ഓണാഘോഷവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിരിയ്ക്കുകയാണ്. ആയതിനാൽ 2013, 2014, 2015 വർഷങ്ങളിൽ ടൂറിസം വകുപ്പ് കനകക്കുന്ന് കൊട്ടാരം സൂപ്രണ്ടിന് അനുവദിച്ചു നൽകിയ തുക ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>അനുവദിച്ച തുക</th></tr>
<tr><td>2013</td><td>4,10,000/-</td></tr>
<tr><td>2014</td><td>4,40,000/-</td></tr>
<tr><td>2015</td><td>4,50,000/-</td></tr>
</table>
2015 കാലയളവിലെ അഡ്വാൻസ് തുക സെറ്റിൽ ചെയ്തിട്ടില്ല. 2013, 2014 വർഷങ്ങളിൽ തുക ചിലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു.</td>
</tr>
<tr>
<td>ഡി)</td>
<td>ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;</td>
<td rowspan="2">ഡി) യും ഇ) യും</td>
<td rowspan="2">ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എ.ജിയ്ക്ക് വസ്തുതകൾ വ്യക്തമാക്കി മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ എ.ജിയുടെ ടി പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ടെന്നുള്ള കാര്യം അറിയിച്ചു കൊള്ളുന്നു.</td>
</tr>
<tr>
<td>ഇ)</td>
<td>വീഴ്ച വരുത്തിയ ജീവനക്കാരനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?</td>
</tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**